File No.FWLD-F3/152/2018-FWLD

11659
13/11/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി- വനം വകുപ്പിൽ ഭരണവിഭാഗം ഉപമുഖ്യ വനപാലകന്റെ ഓഫീസിൽ സീനിയർ ക്ലർക്കായി സേവനത്തിലിരിക്കെ അന്തരിച്ച ശ്രീ.ആർ.എസ് ഗണേശിന്റെ മകൾ കുമാരി ജി. അനുശാന്തിനിയ്ക്ക് വനം വകുപ്പിൽ ക്ലർക്കായി നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി(എഫ്)വകുപ്പ്

സ.ഉ.(കൈ) നം.19/2020/വനം തീയതി,തിരുവനന്തപുരം, 06/11/2020

---

പരാമർശം:-
1 സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി തീയതി 24/05/1999.
2 സ.ഉ.(കൈ) നം.5/2018/പി&എ.ആർ.ഡി തീയതി 21/02/2018.
3 കുമാരി.ജി.അനുശാന്തിനി,18/11A,വലിയവിളൈ,ചെട്ടിയാർമഠം, നെയ്യൂർ പോസ്റ്റ്, കന്യാകുമാരി ജില്ല 04.05.2018 ൽ സമർപ്പിച്ച അപേക്ഷയും,അനുബന്ധരേഖകളും.
4 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 30.05.2018 തീയതിയിലെ ഇ6- 59552/2017 നമ്പർ കത്തും,അനുബന്ധരേഖകളും.
5 കന്യാകുമാരി ജില്ലാ കളക്ടറുടെ 05.10.2020ലെ എ1/23135/2018 നമ്പർ കത്തും, അനുബന്ധരേഖകളും.

<u>ഉത്തരവ്</u>

വനം വകുപ്പിൽ ഭരണവിഭാഗം ഉപമുഖ്യ വനപാലകന്റെ ഓഫീസിൽ സീനിയർ ക്ലർക്കായി സേവനത്തിലിരിക്കെ 30.10.2017 ൽ അന്തരിച്ച ശ്രീ.ആർ.എസ് ഗണേശിന്റെ മകൾ കുമാരി ജി. അനുശാന്തിനിയ്ക്ക്, സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (5) പ്രകാരം കന്യാകുമാരി ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് അനന്തരവകാശികൾ അപേക്ഷയ്ക്ക് ജോലി നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. പ്ലസ്ടു പാസ്സായിട്ടുള്ള അപേക്ഷകയ്ക്ക് 20 വയസ്സ് പൂർത്തിയായിട്ടുണ്ട്. ജനനത്തീയതി 11.03.2000 ആണ്. ടിയാളുടെ കുടുംബ വാർഷിക വരുമാനം ₹96,000-രൂപയാണെന്ന് (തൊണ്ണൂറ്റി ആറായിരം ) രൂപയാണെന്ന് കൽക്കുളം താലൂക്ക് ഡെപ്യൂട്ടി തഹസീൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, വനം വകുപ്പിൽ ഭരണവിഭാഗം ഉപമുഖ്യ വനപാലകന്റെ ഓഫീസിൽ സീനിയർ ക്ലർക്കായി സേവനത്തിലിരിക്കെ 30.10.2017 ൽ അന്തരിച്ച ശ്രീ.ആർ.എസ് ഗണേശിന്റെ മകൾ കുമാരി ജി. അനുശാന്തിനിയ്ക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പിൽ 19,000-43,600 രൂപ ശമ്പള സ്കെയിലിൽ ക്ലർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി

ഉത്തരവാകുന്നു. തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാരിയെ നിയമിക്കാവുന്നതും, തിരുവനന്തപുരം ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാരിയെ തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുമാണ്.

3. അപേക്ഷയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി ടിയാരിയ്ക്ക് നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ നൽകേണ്ടതാണ്.

4. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്.അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനപൂർവ്വം മറച്ചുവച്ചതായും തെറ്റായ വിവരങ്ങൾ നലകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
ജോയിന്റ് സെക്രട്ടറി

കുമാരി.ജി.അനുശാന്തിനി,18/11A,വലിയവിളൈ,ചെട്ടിയാർമഠം, നെയ്യൂർ പോസ്റ്റ്, കന്യാകുമാരി ജില്ല (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).
ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
വെബ്&ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NOUSHAD S
Date: 2020. 14:33:20 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്- വനംവന്യജീവി (പാർലമെന്റ്) വകുപ്പ്.